ഉത്തരം

(എ) തുടർച്ചയായ നാലുവർഷം അപേക്ഷിച്ചിട്ടും ഹജ്ജ് തീർത്ഥാടനത്തിനായി തെരഞ്ഞെടുക്കപ്പെടാത്ത 8726 അപേക്ഷകരാണ് കേരളത്തിൽ നിലവിലുള്ളത്.

(ബി) തുടർച്ചയായ 4-ാം വർഷം അപേക്ഷിക്കുന്നവരെ റിസർവ് ' ബി ' കാറ്റഗറിയിലുൾപ്പെടുത്തി പ്രത്യേകം രജിസ്റ്റർ ചെയ്യുന്നുണ്ട്. എന്നാൽ 1,2,3 വർഷങ്ങളിൽ അപേക്ഷിക്കുന്നവർ ജനറൽ കാറ്റഗറിയിലാണ് രജിസ്റ്റർ ചെയ്യപ്പെടുന്നത് എന്നതിനാൽ വർഷം തിരിച്ചുള്ള പ്രത്യേകം കണക്കുകൾ ലഭ്യമല്ല. ജനറൽ കാറ്റഗറിയിൽ 2015 ഹജ്ജിന് 50,114 അപേക്ഷകളാണ് ഉണ്ടായിരുന്നത്.

(സി) നാല് വർഷം, തുടർച്ചയായി ഹജ്ജിന് അപേക്ഷിച്ചിട്ടും അവസരം ലഭിക്കാത്ത 8726 പേരെയും നറുക്കെടുപ്പില്ലാതെ തെരഞ്ഞെടുക്കുന്നതിനു ആവശ്യമായ ക്വാട്ട സംസ്ഥാനത്തിന് അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിലും കേന്ദ്ര ഹജ്ജ് കമ്മിറ്റിയിലും ശക്തമായ സമ്മർദ്ദം ചെലുത്തുന്നുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യം കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രിയേയും മറ്റു ബന്ധപ്പെട്ടവരേയും നേരിൽ കണ്ടു ബോദ്ധ്യപ്പെടുത്താൻ ഹജ്ജ് കമ്മിറ്റി ഒരു പ്രതിനിധി സംഘത്തെ അയക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

ഹജ്ജ് തീർത്ഥാടനത്തിനിടെയുണ്ടായ അപകടം

214 (*T2416) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്രാവശ്യത്തെ ഹജ്ജ് തീർത്ഥാടനത്തിനിടെയുണ്ടായ അപകടത്തിൽ എത്ര മലയാളികളെയാണ് കാണാതായിട്ടുള്ളത്;

(ബി) എത്രപേരുടെ മരണം സ്ഥിരീകരിച്ചിട്ടുണ്ട്; മരിച്ചവരുടെ കുടുംബത്തിന് ഏതെങ്കിലും വിധത്തിലുള്ള സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്രാവശ്യത്തെ ഹജ്ജ് തീർത്ഥാടനത്തിനിടെയുണ്ടായ അപകടത്തിൽ, കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജിന് പോയ തീർത്ഥാടകരിൽ ആർക്കും അപകടം പറ്റുകയോ, കാണാതാവുകയോ, മരണപ്പെടുകയോ ചെയ്തിട്ടില്ല.

(ബി) കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന അല്ലാതെ ഹജ്ജിന് പോയ 18 കേരളീയർ മരണപ്പെട്ടതായും ഒരാളെ കാണാതായതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മരണപ്പെട്ടവരുടെ കുടുംബത്തിന് സഹായധനം നൽകുന്നതിനുള്ള നടപടികൾ കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യ (ജിദ്ദ) സ്വീകരിക്കുന്നതാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly